**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 222** **16-09-2025 - ൽ മറുപടിയ്ക്ക്**

**അമീബിക് മസ്തിഷ്ക ജ്വരം വ്യാപനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പി. അനിൽ കുമാർ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് അമീബിക് മസ്തിഷ്ക ജ്വരം വ്യാപിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | (എ) | 2023-ലെ നിപ്പ രോഗബാധയെത്തുടർന്ന് മസ്തിഷ്കജ്വരങ്ങൾ എല്ലാം തന്നെ റിപ്പോർട്ട് ചെയ്യണമെന്ന നിർദ്ദേശം നൽകിയതിനെത്തുടർന്ന് മസ്തിഷ്കജ്വരങ്ങൾ കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. ഓരോ കേസിന്റെയും കാരണം കണ്ടെത്തുന്ന നടപടികളും കർശനമായി നടക്കുന്നുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് അമീബിക് മസ്തിഷ്കജ്വരം സംബന്ധിച്ച കേസുകൾ കൂടുതലായി കണ്ടെത്താൻ തുടങ്ങിയത്. രോഗം നേരത്തെ കണ്ടെത്താൻ സാധിക്കുന്നതുകൊണ്ട് കേരളത്തിൽ മരണനിരക്ക് ആഗോള ശരാശരിയേക്കാൾ വളരെ കുറവാണ്.<br><br>വിവിധ ജലസ്രോതസ്സുകളിൽ കാണപ്പെടുന്നതും അപൂർവ്വമായി മനുഷ്യരിൽ രോഗബാധ ഉണ്ടാക്കുന്നതുമായ ഒരു സൂക്ഷ്മാണുവാണ് അമീബ. കായലുകൾ, പുഴകൾ, നീരുറവകൾ, കുളങ്ങൾ, പൈപ്പ് വെള്ളം തുടങ്ങി വിവിധ ജലസ്രോതസ്സുകളിൽ ഇവ കാണപ്പെടുന്നു. മലിനമായ ജലത്തിലും, പ്രത്യേകിച്ച് കെട്ടി നിൽക്കുന്ന ജലസ്രോതസ്സുകളിലും ഇവ കാണാനുള്ള സാധ്യത കൂടുതലാണ്.<br><br>Naeglaria Fowleri എന്ന സ്വതന്ത്രമായി ജീവിക്കുന്ന അമീബയാണ് പ്രൈമറി അമീബിക് മസ്തിഷ്ക ജ്വരത്തിനു (Primary Amoebic Meningoencephalitis) കാരണമാകുന്നത്. $45^0$C വരെ താപനില സഹിക്കാൻ കഴിയുന്ന Naeglaria Fowleri അമീബ മണ്ണിലും ശുദ്ധജല സ്രോതസ്സുകളിലും പ്രത്യേകിച്ച് ഒഴുക്ക് കുറഞ്ഞതും വെള്ളം കെട്ടിനിൽക്കുന്നതുമായ ജലസ്രോതസ്സുകളിൽ കാണപ്പെടുന്നു. ശുദ്ധജല തടാകങ്ങൾ, കായലുകൾ, നദികൾ, ചൂടുള്ള നീരുറവകൾ, ശുദ്ധീകരിക്കാത്ത നീന്തൽകുളങ്ങൾ, ശുദ്ധീകരിക്കാത്ത ജലസംഭരണികൾ, മലിനമായ മറ്റ് |

ജലസ്രോതസ്സുകൾ എന്നിവയിൽ ഇവ കാണപ്പെടുന്നു. ജലസ്രോതസ്സുകളുടെ താപനില ഉയരുമ്പോൾ ഇവയുടെ സാന്നിദ്ധ്യത്തിനുള്ള സാധ്യത കൂടുതലാണ്. അമീബയുടെ സാന്നിദ്ധ്യമുള്ള ജലസ്രോതസ്സുകളിൽ കുളി, നീന്തൽ, ഡൈവിംഗ്, വാട്ടർ സ്കീയിംഗ്, സർഫിംഗ് തുടങ്ങിയ പ്രവൃത്തികളിൽ ഏർപ്പെടുമ്പോഴും, ഇത്തരം ജലം ഉപയോഗിച്ച് മുഖം കഴുകുമ്പോഴും, മൂക്ക് കഴുകുമ്പോഴും മൂക്കിനുള്ളിലെ സ്ലേഷ്മപാളിയിലൂടെയും ക്രിബ്രിഫോം പ്ലേറ്റിലെ ചെറുസുഷിരങ്ങളിലൂടെയും ഇവ തലച്ചോറിലേയ്ക്ക് പ്രവേശിച്ച് മസ്തിഷ്കജ്വരത്തിന് കാരണമാകുന്നു.

ഗ്രാനുലോമാറ്റസ് അമീബിക് എൻസെഫലൈറ്റിസ് (Granulomatous Ameobic Encephalitis) Acanthamoeba spp., Balamuthia mandrillaris, Sappinia diploidea, Vermamoeba vermiformis എന്നീ വിഭാഗത്തിലുള്ള സൂക്ഷ്മാണുക്കൾ കാരണമാണ് ഉണ്ടാകുന്നത്. ശ്വാസകോശം, ത്വക്ക് എന്നിവയിലൂടെ പ്രവേശിച്ച് തലച്ചോറിൽ എത്തുകയും രോഗലക്ഷണങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു. അപൂർവ്വമായി കണ്ണുകളിൽ അണുബാധയുണ്ടായി നാഡികളിലൂടെ തലച്ചോറിൽ എത്തുകയും രോഗലക്ഷണങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു.

അമീബിക് മസ്തിഷ്കജ്വരം ഉണ്ടായ രോഗികളുടെ വീട്ടുകളിലെ കിണറുകൾ, ജലസംഭരണികൾ, പൈപ്പ് വെള്ളം, ഇവർ ഉപയോഗിച്ചിരുന്ന പൊതു കിണറുകൾ, കുളങ്ങൾ, നീന്തൽകുളങ്ങൾ എന്നിവിടങ്ങളിൽ നടത്തിയ പരിശോധനകളിൽ ചില സാമ്പിളുകളിൽ അമീബയുടെ സാന്നിധ്യം വ്യക്തമായിട്ടുണ്ട്. വിവിധ ജലസ്രോതസ്സുകളിൽ Balamuthia mandrillaris, Vermameoba vermiformis, Paravahikampfika Francinae, Acanthameoba എന്നീ അമീബാ വകഭേദങ്ങളുടെ സാന്നിദ്ധ്യം PCR പരിശോധനയിലൂടെ സ്ഥിരീകരിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് സമഗ്രമായി ഒരു ആക്ഷൻ പ്ലാൻ രൂപീകരിക്കുവാനായി ഒരു ടെക്നിക്കൽ വർക്ക് ഷോപ്പ് ആരോഗ്യ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയുണ്ടായി. ഈ ശില്പശാലയിൽ ഏകാരോഗ്യ സമീപനത്തിലൂന്നിയ ഒരു ആക്ഷൻ പ്ലാൻ രൂപീകരിക്കുകയുമുണ്ടായി. അമീബിക് മസ്തിഷ്ക ജ്വരവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പഠനങ്ങൾ വിവിധ മെഡിക്കൽ കോളേജുകളുടെ ഭാഗമായി നടന്നുവരുന്നുണ്ട്.

1. Microbiological profile of Meningoencephalitis due to pathogenic

| | | | |
|---|---|---|---|
| | | | free living Amoebae: A case series (തിരുവനന്തപുരം/കോഴിക്കോട് മെഡിക്കൽ കോളേജ്)<br>2. Clinical and laboratory profile of patients with Free-living amoebic encephalitis in a tertiary care hospital in north Kerala (കോഴിക്കോട് മെഡിക്കൽ കോളേജ്)<br>3. Integrating epidemiological profile and environmental surveillance with genomic sequencing to study the amoebic meningoencephalitis cases reporting to a tertiary care centre in Kozhikode district(കോഴിക്കോട് മെഡിക്കൽ കോളേജ്)<br><br>കൂടാതെ, 'Genomic sequencing of Molecular confirmed cases of Amoebic Meningoencephalitis' എന്ന ഒരു പഠനം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയുടെ സഹായത്തോടുകൂടി ഐ.സി.എം.ആർ വിദഗ്ധരുടെ സഹകരണം കൂടി ഉറപ്പാക്കി നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. കേരളത്തിൽ 15.09.2025 വരെ റിപ്പോർട്ട് ചെയ്തിട്ടുള്ള അമീബിക് മസ്തിഷ്കജ്വരം കേസുകളുടെയും 2025 ൽ റിപ്പോർട്ട് ചെയ്യപ്പെട്ട മരണങ്ങളുടെയും ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 1** ആയി ചേർക്കുന്നു. |
| (ബി) | സംസ്ഥാനത്ത് എത്രപേർക്ക് അമീബിക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ചിട്ടുണ്ടെന്നും എത്രപേർ മരണപ്പെട്ടുവെന്നും ജില്ലതിരിച്ച് വ്യക്തമാക്കാമോ; | (ബി) | 2023-ലെ നിപ്പരോഗബാധയെത്തുടർന്ന് മസ്തിഷ്കജ്വരങ്ങൾ എല്ലാം തന്നെ റിപ്പോർട്ട് ചെയ്യണമെന്ന നിർദ്ദേശം നൽകിയതിനെത്തുടർന്ന് മസ്തിഷ്കജ്വരങ്ങൾ കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. ഓരോ കേസിന്റെയും കാരണം കണ്ടെത്തുന്ന നടപടികളും കർശനമായി നടക്കുന്നുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് അമീബിക് മസ്തിഷ്കജ്വരം സംബന്ധിച്ച കേസുകൾ കൂടുതലായി കണ്ടെത്താൻ തുടങ്ങിയത്. രോഗം നേരത്തെ കണ്ടെത്താൻ സാധിക്കുന്നതുകൊണ്ട് കേരളത്തിൽ മരണനിരക്ക് ആഗോള ശരാശരിയേക്കാൾ വളരെ കുറവാണ്.<br><br>വിവിധ ജലസ്രോതസ്സുകളിൽ കാണപ്പെടുന്നതും അപൂർവ്വമായി മനുഷ്യരിൽ രോഗബാധ ഉണ്ടാക്കുന്നതുമായ ഒരു സൂക്ഷ്മാണുവാണ് അമീബ. കായലുകൾ, പുഴകൾ, നീരുറവകൾ, കുളങ്ങൾ, പൈപ്പ് വെള്ളം തുടങ്ങി വിവിധ ജലസ്രോതസ്സുകളിൽ ഇവ കാണപ്പെടുന്നു. മലിനമായ ജലത്തിലും, പ്രത്യേകിച്ച് കെട്ടി നിൽക്കുന്ന ജലസ്രോതസ്സുകളിലും ഇവ കാണാനുള്ള സാധ്യത കൂടുതലാണ്. |

Naeglaria Fowleri എന്ന സ്വതന്ത്രമായി ജീവിക്കുന്ന അമീബയാണ് പ്രൈമറി അമീബിക് മസ്തിഷ്ക ജ്വരത്തിനു (Primary Amoebic Meningoencephalitis) കാരണമാകുന്നത്. $45^0C$ വരെ താപനില സഹിക്കാൻ കഴിയുന്ന Naeglaria Fowleri അമീബ മണ്ണിലും ശുദ്ധജല സ്രോതസ്സുകളിലും പ്രത്യേകിച്ച് ഒഴുക്ക് കുറഞ്ഞതും വെള്ളം കെട്ടിനിൽക്കുന്നതുമായ ജലസ്രോതസ്സുകളിൽ കാണപ്പെടുന്നു. ശുദ്ധജല തടാകങ്ങൾ, കായലുകൾ, നദികൾ, ചൂടുള്ള നീരുറവകൾ, ശുദ്ധീകരിക്കാത്ത നീന്തൽകുളങ്ങൾ, ശുദ്ധീകരിക്കാത്ത ജലസംഭരണികൾ, മലിനമായ മറ്റു ജലസ്രോതസ്സുകൾ എന്നിവയിൽ ഇവ കാണപ്പെടുന്നു. ജലസ്രോതസ്സുകളുടെ താപനില ഉയരുമ്പോൾ ഇവയുടെ സാന്നിദ്ധ്യത്തിനുള്ള സാധ്യത കൂടുതലാണ്. അമീബയുടെ സാന്നിദ്ധ്യമുള്ള ജലസ്രോതസ്സുകളിൽ കുളി, നീന്തൽ, ഡൈവിംഗ്, വാട്ടർ സ്കീയിംഗ്, സർഫിംഗ് തുടങ്ങിയ പ്രവൃത്തികളിൽ ഏർപ്പെടുമ്പോഴും, ഇത്തരം ജലം ഉപയോഗിച്ച് മുഖം കഴുകുമ്പോഴും, മൂക്ക് കഴുകുമ്പോഴും മൂക്കിനുള്ളിലെ സ്ലേഷ്മപാളിയിലൂടെയും ക്രിബ്രിഫോം പ്ലേറ്റിലെ ചെറുസുഷിരങ്ങളിലൂടെയും ഇവ തലച്ചോറിലേയ്ക്ക് പ്രവേശിച്ച് മസ്തിഷ്കജ്വരത്തിന് കാരണമാകുന്നു.

ഗ്രാനുലോമാറ്റസ് അമീബിക് എൻസെഫലൈറ്റിസ് (Granulomatous Ameobic Encephalitis) Acanthamoeba spp., Balamuthia mandrillaris, Sappinia diploidea, Vermamoeba vermiformis എന്നീ വിഭാഗത്തിലുള്ള സൂക്ഷ്മാണുക്കൾ കാരണമാണ് ഉണ്ടാകുന്നത്. ശ്വാസകോശം, ത്വക്ക് എന്നിവയിലൂടെ പ്രവേശിച്ച് തലച്ചോറിൽ എത്തുകയും രോഗലക്ഷണങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു. അപൂർവ്വമായി കണ്ണുകളിൽ അണുബാധയുണ്ടായി നാഡികളിലൂടെ തലച്ചോറിൽ എത്തുകയും രോഗലക്ഷണങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു.

അമീബിക് മസ്തിഷ്കജ്വരം ഉണ്ടായ രോഗികളുടെ വീടുകളിലെ കിണറുകൾ, ജലസംഭരണികൾ, പൈപ്പ് വെള്ളം, ഇവർ ഉപയോഗിച്ചിരുന്ന പൊതു കിണറുകൾ, കുളങ്ങൾ, നീന്തൽകുളങ്ങൾ എന്നിവിടങ്ങളിൽ നടത്തിയ പരിശോധനകളിൽ ചില സാമ്പിളുകളിൽ അമീബയുടെ സാന്നിധ്യം വ്യക്തമായിട്ടുണ്ട്. വിവിധ ജലസ്രോതസ്സുകളിൽ Balamuthia mandrillaris, Vermameoba vermiformis, Paravahikampfika Francinae, Acanthameoba എന്നീ അമീബാ വകഭേദങ്ങളുടെ സാന്നിദ്ധ്യം PCR പരിശോധനയിലൂടെ

| | | | |
|---|---|---|---|
| | | | സ്ഥിരീകരിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് സമഗ്രമായി ഒരു ആക്ഷൻ പ്ലാൻ രൂപീകരിക്കുവാനായി ഒരു ടെക്നിക്കൽ വർക്ക് ഷോപ്പ് ആരോഗ്യ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയുണ്ടായി. ഈ ശില്പശാലയിൽ ഏകാരോഗ്യ സമീപനത്തിലൂന്നിയ ഒരു ആക്ഷൻ പ്ലാൻ രൂപീകരിക്കുകയുമുണ്ടായി. അമീബിക് മസ്തിഷ്ക ജ്വരവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പഠനങ്ങൾ വിവിധ മെഡിക്കൽ കോളേജുകളുടെ ഭാഗമായി നടന്നുവരുന്നുണ്ട്.<br><br>1. Microbiological profile of Meningoencephalitis due to pathogenic free living Amoebae: A case series (തിരുവനന്തപുരം/കോഴിക്കോട് മെഡിക്കൽ കോളേജ്)<br>2. Clinical and laboratory profile of patients with Free-living amoebic encephalitis in a tertiary care hospital in north Kerala (കോഴിക്കോട് മെഡിക്കൽ കോളേജ്)<br>3. Integrating epidemiological profile and environmental surveillance with genomic sequencing to study the amoebic meningoencephalitis cases reporting to a tertiary care centre in Kozhikode district(കോഴിക്കോട് മെഡിക്കൽ കോളേജ്)<br><br>കൂടാതെ, 'Genomic sequencing of Molecular confirmed cases of Amoebic Meningoencephalitis' എന്ന ഒരു പഠനം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയുടെ സഹായത്തോടുകൂടി ഐ.സി.എം.ആർ വിദഗ്ധരുടെ സഹകരണം കൂടി ഉറപ്പാക്കി നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. കേരളത്തിൽ 15.09.2025 വരെ റിപ്പോർട്ട് ചെയ്തിട്ടുള്ള അമീബിക് മസ്തിഷ്കജ്വരം കേസുകളുടെയും 2025 ൽ റിപ്പോർട്ട് ചെയ്യപ്പെട്ട മരണങ്ങളുടെയും ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 1** ആയി ചേർക്കുന്നു. |
| (സി) | അമീബിക് മസ്തിഷ്ക ജ്വരം വ്യാപിക്കുന്നത് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (സി) | അമീബിക് മസ്തിഷ്ക ജ്വരം വ്യാപിക്കുന്നത് തടയാൻ സ്വീകരിച്ച നടപടികൾ **അനുബന്ധം 2** ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം-1

## 2024, 2025 വർഷങ്ങളിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള അമീബിക് മസ്തിഷ്കജ്വരം കേസുകൾ സംബന്ധിച്ച വിശദാംശങ്ങൾ

| വർഷം | കേസുകൾ | ജില്ല | മരണം |
|---|---|---|---|
| 2024 | 39 | മലപ്പുറം-4<br>തൃശ്ശൂർ-1<br>കണ്ണൂർ-3<br>കോഴിക്കോട് -3<br>പാലക്കാട് -1<br>തിരുവനന്തപുരം -22<br>കൊല്ലം-5 | 9 |
| 2025 (സെപ്റ്റംബർ 15 വരെ) | 69 | മലപ്പുറം-18<br>കോഴിക്കോട് -16<br>തിരുവനന്തപുരം -16<br>കൊല്ലം-8<br>തൃശ്ശൂർ-4<br>കാസർഗോഡ് - 1<br>വയനാട് -2<br>മറ്റു സംസ്ഥാനങ്ങൾ-4 | 19 |

2025-ൽ 15.09.2025 വരെ റിപ്പോർട്ട് ചെയ്ത 19 മരണങ്ങളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ നൽകുന്നു.

| ജില്ല | മരണങ്ങൾ |
|---|---|
| മലപ്പുറം | 6 |
| കോഴിക്കോട് | 5 |
| തിരുവനന്തപുരം | 3 |
| വയനാട് | 1 |
| കൊല്ലം | 2 |
| മറ്റു സംസ്ഥാനങ്ങൾ | 2 |
| **ആകെ** | **19** |

സെക്ഷൻ ഓഫീസർ

**അനുബന്ധം-2**

**അമീബിക് മസ്തിഷ്ക ജ്വരം വ്യാപിക്കുന്നത് തടയാൻ സ്വീകരിച്ച നടപടികൾ**

അമീബിക് മസ്തിഷ്ക ജ്വരം റിപ്പോർട്ട് ചെയ്യപ്പെട്ട സാഹചര്യത്തിൽ തന്നെ വിദഗ്ധരുമായി ചേർന്ന് ഉന്നതതല അവലോകന യോഗം ചേരുകയും രോഗനിർണ്ണയത്തിനും ചികിത്സയ്ക്കും സ്വീകരിക്കേണ്ട മാർഗനിർദേശങ്ങൾ പ്രാവർത്തികമാക്കുകയും ചെയ്തിട്ടുണ്ട്. അമീബിക് മസ്തിഷ്ക ജ്വരം കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെട്ട 2024 ജൂലൈ മാസത്തിൽ സംസ്ഥാന സർക്കാർ ഇന്ത്യയിൽ ആദ്യമായി ചികിത്സാ മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. 20.07.2024 തീയതിയിലെ G.O. (Rt)No.1760/2024/H&FWD പ്രകാരമുള്ള സർക്കാർ ഉത്തരവിൽ അമീബിക് മെനിഞ്ചോഎൻസെഫലൈറ്റിസ് രോഗനിർണയം, ചികിത്സ എന്നിവ സംബന്ധിച്ച സാങ്കേതിക നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

തുടർന്ന് 02-11-2024 തീയതിയിൽ G.O(Rt)No.2617/2024/H&FWD പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങളിൽ ഏകാരോഗ്യ സമീപനത്തോടെയുള്ള രോഗപ്രതിരോധം, രോഗനിരീക്ഷണം, പാരിസ്ഥിതിക നിരീക്ഷണം എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്.

മസ്തിഷ്ക ജ്വരത്തിന്റെ ലക്ഷണങ്ങളുമായി ചികിത്സ തേടുന്നവരെ പ്രത്യേകിച്ച് കുളങ്ങളും നദികളുമായി സമ്പർക്കമുള്ളവർക്ക് അമീബിക് മസ്തിഷ്ക ജ്വരം സംശയിക്കാനും, വിദഗ്ധ പരിശോധനകൾക്കും ചികിത്സക്കും വേണ്ടി റഫറൽ സേവനങ്ങൾ നൽകുവാനും പ്രാഥമിക ആരോഗ്യ കേന്ദ്രം മുതലുള്ള ഡോക്ടർമാർക്ക് നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്. ഇത്തരം രോഗികളുടെ CSF സ്രവ പരിശോധന നടത്തുമ്പോൾ Wet Film പരിശോധന നടത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

മെഡിക്കൽ കോളേജുകൾ ഉൾപ്പടെയുള്ള ആശുപത്രികളിൽ ചികിത്സാ സംവിധാനം ഒരുക്കിയിട്ടുണ്ട്. മസ്തിഷ്കജ്വരത്തിന്റെ ചികിത്സ, രോഗനിർണ്ണയ പ്രോട്ടോക്കോളിൽ അമീബിക് മസ്തിഷ്ക ജ്വരം ഉൾപ്പെടുത്തിയിട്ടുണ്ട്. ഗുരുതരമായ അവസ്ഥയെ ചികിത്സിക്കാൻ മിൽറ്റിഫോസിൻ ഉൾപ്പടെയുള്ള മരുന്നുകളുടെ ലഭ്യത ഉറപ്പാക്കിയിട്ടുണ്ട്. തിരുവനന്തപുരം സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബിൽ പി.സി.ആർ. പരിശോധന ലഭ്യമാക്കിയിട്ടുണ്ട്. ഇവിടെ ജലത്തിന്റെ സാമ്പിളുകളും മനുഷ്യസ്രവ സാമ്പിളുകളും പരിശോധിക്കുന്നുണ്ട്.

മലിനമായതും കെട്ടിക്കിടക്കുന്നതുമായ ജലത്തിൽ കുളിക്കരുതെന്ന സന്ദേശം വിവിധ IEC മെറ്റീരിയലുകളിലൂടെ പരമാവധി പൊതുജനങ്ങളിൽ എത്തിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നീന്തൽ കുളങ്ങൾ, വാട്ടർ തീം പാർക്കുകൾ തുടങ്ങിയവയിലെ വെള്ളം പരിശോധിക്കുന്നതിനും കൃത്യമായ അണുനശീകരണം നടത്തുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ശുചിത്വ മിഷൻ, മലിനീകരണ നിയന്ത്രണ ബോർഡ്, തദ്ദേശ സ്വയംഭരണം ഉൾപ്പെടെയുള്ള മറ്റു വകുപ്പുകളുടെയും സമഗ്രമായ പ്രവർത്തനങ്ങളിലൂടെ ജലാശയങ്ങളിലെ മാലിന്യ നിർമ്മാർജ്ജനത്തിനും അതിലൂടെ അമീബിക് മസ്തിഷ്കജ്വര രോഗബാധ കുറയ്ക്കുന്നതിനുമുള്ള നടപടികൾ നടന്നുവരുന്നു.

ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 2025 ആഗസ്റ്റ് 18-ാം തീയതിയിൽ കൂടിയ ഉന്നതതലയോഗത്തിൽ നിലവിലുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനുള്ള വിവിധ തീരുമാനങ്ങൾ

എടുക്കുകയും, അവ അടിയന്തിര പ്രാധാന്യത്തോടെ നടപ്പിലാക്കുകയും ചെയ്തുവരുന്നു. 2025 ആഗസ്റ്റ് 30, 31 ദിവസങ്ങളിൽ സംസ്ഥാനത്തെ മുഴുവൻ വീടുകളിലെയും സ്ഥാപനങ്ങളിലെയും കിണറുകൾ, ജലാശയങ്ങൾ എന്നിവ ക്ലോറിനേറ്റ് ചെയ്യുന്നതിനും ജലസംഭരണികൾ വൃത്തിയാക്കുന്നതിനുമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ഹരിതകേരള മിഷന്റെ ആഭിമുഖ്യത്തിൽ നടത്തിയ ജനകീയ ക്യാമ്പയിനിൽ ആരോഗ്യ വകുപ്പ് പൂർണ്ണമായി സഹകരിച്ച് പ്രവർത്തിച്ചു പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും വിവിധ മാധ്യമങ്ങൾ വഴിയും വിദ്യാഭ്യാസ സ്ഥാപനങ്ങൾ മുഖേനയും അവബോധ സന്ദേശങ്ങൾ നൽകി വരുന്നു.

രോഗ നിർണ്ണയം, ചികിത്സ, പ്രതിരോധമാർഗ്ഗങ്ങൾ എന്നിവയെക്കുറിച്ച് ഡോക്ടർമാർക്ക് അവബോധം നൽകുവാനായി പരിശീലനക്ലാസ്സുകളും സെമിനാറുകളും സംഘടിപ്പിക്കുന്നു. പൊതുജനാവബോധം ഉണ്ടാക്കുവാൻ ക്ലാസ്സുകൾ, ലഘുലേഖകളുടെ വിതരണം, മാധ്യമങ്ങളിലൂടെയുള്ള പ്രചാരണ പ്രവർത്തനങ്ങൾ എന്നിവ നടത്തുന്നു. രോഗ ലക്ഷണമുള്ളവരെ കണ്ടെത്തുന്നതിനും ഐ.സി.യു ഉൾപ്പെടെയുള്ള കിടത്തി ചികിത്സയും മരുന്നുകളും ലഭ്യമാക്കുന്നതിനുമുള്ള സൗകര്യങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. Surveillance ശക്തിപ്പെടുത്തുകയും രോഗികളെ കണ്ടെത്തിയാൽ ആ വിവരം ജില്ലാ അധികാരികളെ അറിയിക്കുകയും തുടർ നടപടികളിൽ സഹകരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നു. മെഡിക്കൽ കോളേജിൽ രോഗ നിർണ്ണയത്തിനും ചികിത്സയ്ക്കുമുള്ള സൗകര്യം ലഭ്യമാണ്.

കേരളത്തിൽ അമീബിക് മസ്തിഷ്കജ്വരം കേസുകളിൽ വർദ്ധനവ് വന്ന സാഹചര്യത്തിൽ ഇത് സംബന്ധിച്ച് സമഗ്രമായി ഒരു ആക്ഷൻ പ്ലാൻ രൂപീകരിക്കാനായി ഒരു ടെക്നിക്കൽ വർക്ക്ഷോപ്പ് ആരോഗ്യ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയുണ്ടായി. ഈ ശിൽപ്പശാലയിൽ ഏകാരോഗ്യ **(One health)** സമീപനത്തിൽ ഊന്നിയ ഒരു ആക്ഷൻ പ്ലാൻ രൂപീകരിക്കുകയുണ്ടായി.

കേരളത്തിലെ കോഴിക്കോട്, തിരുവനന്തപുരം മെഡിക്കൽ കോളേജുകളുമായി ബന്ധപ്പെട്ട് ഇതു സംബന്ധിച്ച പഠനങ്ങൾ നടന്നു വരുന്നുണ്ട്. കൂടാതെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയുമായി സഹകരിച്ചുകൊണ്ട് ഐ.സി.എം.ആർ വിദഗ്ധരുടെ സഹകരണം കൂടി ഉറപ്പാക്കിക്കൊണ്ട് Genomic Sequencing of Molecular Confirmed cases of Ameobic Meningoencephalitis എന്ന് ഒരു പഠനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ